“ഭരണഭാഷ - മാതൃഭാഷ”

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - M/s. കേരള ഹാൻഡ് ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, എച്ച്. 232 (HANTEX) നിർമ്മിത തുണിത്തരങ്ങൾ ക്വട്ടേഷൻ / ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന് - സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം. 85/2025/PPAD തീയതി, തിരുവനന്തപുരം, 15/09/2025.

---

പരാമർശം :- 1. 19.08.2024-ലെ സ.ഉ.(സാധാ) 90/2024/SPD.

2. 25/06/2025-ലെ ഹാന്റക്സ് മാനേജിംഗ് ഡയറക്ടറുടെ M3/680/HO.HANTEX/2023-24 നമ്പർ കത്ത്.

**ഉത്തരവ്**

M/s. കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ (HANTEX) നിന്നും സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ആവശ്യമായി വരുന്ന തുണിത്തരങ്ങൾ ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വലിന്റെ ഖണ്ഡിക 9.23-ൽ ഒരു വർഷത്തേയ്ക്ക് ഇളവ് നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഹാന്റക്സിനു ടെൻഡർ ഇളവ് നൽകിയിരിക്കുന്ന ഉത്തരവിന്റെ കാലാവധി 18/08/2025-ന് അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത ഉത്തരവിന്റെ കാലാവധി 2 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ഹാന്റക്സ് മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഹാന്റക്സിന്റെ ഗുണനിലവാര സർട്ടിഫിക്കേഷനുള്ള തനത് തുണിത്തരങ്ങൾ പൊതുവിപണിയിലെ നിരക്കിനേക്കാൾ അധികരിക്കാതെ, വിവിധ സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ടെൻഡർ നടപടികൾ കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ കാലാവധി, **ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക്** ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഹാന്റക്സിന്റെ ഗുണനിലവാര സർട്ടിഫിക്കേഷനുള്ള തനതു തുണിത്തരങ്ങൾ, കോസ്റ്റ് അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തിയ വിലവിവര പട്ടിക, വ്യവസായ വാണിജ്യ വകുപ്പിന്റെ ഗുണനിലവാര സർട്ടിഫിക്കേഷൻ, മാർക്കറ്റ് വില സംബന്ധിച്ച് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിലനിർണ്ണയം

നടത്തിയശേഷം മാത്രമേ ഇനി പ്രസ്തുത ഇളവിന്റെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം പരിഗണിക്കുകയുള്ളൂ എന്ന് വ്യവസ്ഥ ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രജികുമാർ ആർ**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ് :-

എല്ലാ വകുപ്പ് തലവൻമാർ / ഓഫീസുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ / സ്വയംഭരണ സ്ഥാപനങ്ങൾ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം, കേരളം.

ഗ്രാമവികസന കമ്മീഷണർ (എല്ലാ ബ്ലോക്ക് പഞ്ചായത്തുകളെയും അറിയിക്കുന്നതിന്).

എല്ലാ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ഗ്രാമ പഞ്ചായത്തുകളെയും അറിയിക്കുന്നതിന്).

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.

റീജിയണൽ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം / എറണാകുളം / കോഴിക്കോട്.

മാനേജിംഗ് ഡയറക്ടർ, M/s. ഹാന്റക്സ്, പി.ബി. നമ്പർ 64, ഊറ്റുകുഴി, തിരുവനന്തപുരം-695 001.

വ്യവസായ (സി) വകുപ്പ് (IND-C1/213/2025-IND നമ്പർ ഫയൽ പ്രകാരം).

സി-ഡിറ്റ്, ചിറ്റാഴം, ലാവണ്യ ബിൽഡിംഗ്സ്, എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ടിന് പുറകുവശം, സ്റ്റാച്യൂ, തിരുവനന്തപുരം (സർക്കാർ ഉത്തരവ് പൊതുസംഭരണ ഉപദേശകകാര്യ വകുപ്പിന്റെ വെബ്സൈറ്റിൽ ചേർക്കുന്നതിന്).

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം (സർക്കാർ ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്).

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് മുഖേന)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ